# സ്വാമി ജ്ഞാനാനന്ദസരസ്വതി

## (ലഘുജീവചരിത്രം)



# സ്വാമി ജ്ഞാനാനന്ദസരസ്വതി

(ലഘുജീവചരിത്രം)

സ്വാമി സ്വരൂപാനന്ദസരസ്വതി

# അന്വർത്ഥനാമാവായ അദ്ധ്യാത്മജ്ഞാനനിധി

ജ്ഞാനാനന്ദസരസ്വതി എന്ന അന്വർത്ഥനാമാവായ മഹാപുരുഷനെക്കുറിച്ച് കേൾക്കാത്തവരായി കേരളക്കരയിൽ ആദ്ധ്യാത്മികമണ്ഡലത്തിൽ ആരും ഉണ്ടാകുമെന്ന് തോന്നുന്നില്ല. തരണം ചെയ്യാൻ പ്രയാസമുള്ള സംസാരസമുദ്രം സ്വപ്രയത്നംകൊണ്ട് നീന്തികടന്ന് മറ്റുള്ളവരേയും സംസാരത്തിന്റെ മറുകര എത്തിക്കാൻ ജീവിതകാലമത്രയും പരിശ്രമിച്ച സമുജ്ജ്വലപ്രഭാവനാണദ്ദേഹം.

1910 ജനുവരി 16–ാം തിയ്യതി വെള്ളിനേഴി പുളിയ്ക്കൽ വാരിയത്തെ കൃഷ്ണവാരിയരുടേയും കരിമ്പുഴ പടിഞ്ഞാറെ പുതിയവാരിയത്തെ കുഞ്ഞിക്കുട്ടിവാരസ്യാരുടേയും മൂന്നാമത്തെ സന്താനമായി ജനിച്ച അദ്ദേഹം 4–ാം തരംവരെ പഠിച്ചതിനുശേഷം നിയതിയുടെ ഗതിയനുസരിച്ച് സംസ്കൃതപഠനമാരംഭിച്ചു. സംസ്കൃതത്തിൽ ഏതാണ്ട് നല്ല പ്രാവീണ്യം ഉണ്ടായിരുന്ന അദ്ദേഹത്തിന് മറ്റു ഗ്രന്ഥാപേക്ഷയില്ലാതെ ശ്ലോകങ്ങളുടെ അർത്ഥഗ്രഹണവും പാഠനവും സാധിച്ചിരുന്നു.

ചെറുപ്പം മുതലെ സുദൃഢമായ ഭക്തിയും, ക്ഷേത്രാചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മറ്റും അടിയുറച്ച വിശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നു. സുഖത്തിലും ദുഃഖത്തിലും തനിക്കാശ്രയം ഭഗവാൻ കൃഷ്ണനാണെന്ന ധാരണ അദ്ദേഹത്തിന് എപ്പോഴുമുണ്ടായിരുന്നു. അതു

കൊണ്ടുതന്നെ സുഖത്തിൽ അമിതകാംക്ഷയോ ദുഃഖത്തിൽ അധികവ്യഥയോ അദ്ദേഹത്തിനനുഭവപ്പെട്ടിരുന്നില്ല. എല്ലാം ഈശ്വരേച്ഛപോലെയേ വരു എന്ന ഉറച്ച വിശ്വാസത്തോടെ പ്രവർത്തിച്ചിരുന്നു. മറ്റുള്ളവർ തന്നെ എങ്ങനെ വില യിരുത്തുന്നു എന്നു നോക്കാതെ തനിയ്ക്ക് ശരിയെന്നു തോന്നുന്നതിൽ മനസ്സും ബുദ്ധിയും ഉറപ്പിച്ച് സർവ്വ പ്രവൃത്തികളിലും ഏർപ്പെട്ടിരുന്നു.

ശ്രീമദ് ഭാഗവതത്തോട് സ്വാമിജിയ്ക്ക് ചെറുപ്പം മുതലേ വലിയ പ്രതിപത്തിയായിരുന്നു. ഭാഗവതം വായന എവിടെയുണ്ടെങ്കിലും അവിടെയെത്തും. ഒരു ഭാഗവത ഗ്രന്ഥം സ്വന്തമാക്കുക എന്നത് ചെറുപ്പകാലത്തേ ഒരു ജീവിതാഭിലാഷമായിരുന്നു. നിർധനാവസ്ഥയിലായിരുന്ന അദ്ദേഹം പതിനെട്ടാംവയസ്സിൽ അതു സാധിച്ചു. "ശ്രീമദ് ഭാഗവതാഖ്യോയം പ്രത്യക്ഷഃ കൃഷ്ണ ഏവ ഹി" ശ്രീമദ്ഭാഗവതം എന്നത് സാക്ഷാത് ശ്രീകൃഷ്ണ പരമാത്മാവുതന്നെ എന്നാണല്ലോ മാഹാത്മ്യം. അതു കൊണ്ട് ഭാഗവതം സ്വന്തമായി കിട്ടിയപ്പോൾ സ്വാമിജിയ്ക്കു ണ്ടായ ആനന്ദം സർവ്വസിദ്ധികരമായിരുന്നു. സ്വാമിജിയുടെ സപ്താഹം ശ്രവിച്ചിട്ടുള്ളവരെ അതേരീതിയിൽ സർവ്വ സിദ്ധികരമായി ഭഗവത്കഥാരസത്തിൽ ആറാടിയ്ക്കുകയും ചെയ്തിട്ടുണ്ട്.

ജഗജ്ജനനിയും വരദായിനിയുമായ മൂകാംബികാ ദേവിയുടെ സന്നിധിയിലെ സരസ്വതീമണ്ഡപത്തിൽവെച്ച് 22–ാം വയസ്സിൽ സ്വാമിജി പ്രഥമസപ്താഹം നടത്തി. ജിജ്ഞാസുവായ ഭക്തൻ വിശ്വമാതൃത്വം സാക്ഷിയായി

ഭാഗവതസ്വരൂപിയായ ശ്രീകൃഷ്ണപരമാത്മാവിനെ വരിച്ച ധന്യനിമിഷമായിരുന്നു അത്. ധാരാളം സപ്താഹയജ്ഞങ്ങളും ഗീതാപ്രവചനങ്ങളും പ്രഭാഷണങ്ങളും കേരളത്തിനകത്തും പുറത്തും തുടർന്ന് നടത്തുകയുണ്ടായി. ശാസ്ത്രസമ്മതവും സാരവത്തുമായ യജ്ഞങ്ങളിലൂടെ തന്റെ സമകാലീനരായ ജനതതിക്ക് നിസ്സംശയം ആത്മാനുസന്ധാനം ചെയ്യാനുള്ള മാർഗ്ഗം അദ്ദേഹം തുറന്നുകൊടുത്തു.

കർമ്മഗ്രാഹഗൃഹീതനായ മനുഷ്യന് ലോകത്തിൽ ചെയ്യേണ്ടതെന്ത് ചെയ്യരുതാത്തതെന്ത് എന്ന് ശരിയായി അറിഞ്ഞുകൊള്ളണമെന്നില്ല. കർമ്മമാകുന്ന പാതയിലൂടെ നീങ്ങുമ്പോൾ പല ക്ലേശങ്ങളും ഉണ്ടാവും. ജീവിതായോധനം അത്ര നിസ്സാരമായി കണക്കാക്കാവുന്നതല്ല. എങ്കിലും ഭാഗവതത്തിലും ഭഗവാനിലുമുള്ള അചഞ്ചലമായ വിശ്വാസം താങ്ങും തണലുമായി ഉണ്ടാകുമെന്ന് സ്വാമിജി നമുക്ക് കാട്ടിത്തരുന്നു.

"ഗുരോരനുഗ്രഹേണൈവ പുമാൻ പൂർണ്ണ പ്രശാന്തയേ" ഗുരുവിന്റെ അനുഗ്രഹംകൊണ്ടേ ഒരുവന് പൂർണ്ണനും പ്രശാന്തചിത്തനുമാകാൻ കഴിയുകയുള്ളു. ഈശ്വരനും ഗുരുവും ആത്മാവും ഒന്നുതന്നെയാണ്. ഗുരുവിന്റെ കരുണാലേശമുണ്ടായാൽ സാധ്യമല്ലാത്തതായി ഒന്നുംതന്നെയില്ല. ഗുരുവിലും വലുതായി അറിവോ, തപസ്സോ, ജ്ഞാനമോ ഇല്ല. "ശരീരമർത്ഥം പ്രാണം ച സദ്ഗുരുഭ്യോ നിവേദയേത്" എന്നാണ് ശാസ്ത്രം. അതായത് തന്റെ സർവ്വസ്വവും ഗുരുവിന് സമർപ്പിച്ച് അഗ്നി സമ്പർക്കംകൊണ്ട് അയോഗോളം അഗ്നിയുടെ ദാഹക

ശക്തിയും ചൂടും പ്രകാശവും ഉള്ളതായിമാറുന്നതുപോലെ, ഗുരുവിന്റെ അനുഗ്രഹത്തോടുകൂടി ഉത്തമനായ ശിഷ്യൻ ഭക്തിജ്ഞാനവൈരാഗ്യങ്ങളാകുന്ന ഉത്തമഗുണങ്ങളോടെ പ്രകാശിയ്ക്കും. ഇത് സ്വാമിജി ശരിയ്ക്കും മനസ്സിലാക്കിയിരുന്നു.

ആത്മാന്വേഷികൾക്ക് എന്നും അഭയസ്ഥാനമായിട്ടുള്ള ഋഷികേശ് ശിവാനന്ദാശ്രമസ്ഥാപകൻ സംപൂജ്യ സ്വാമി ശിവാനന്ദസരസ്വതിയെ തന്റെ ഗുരുവായി സ്വാമിജി സ്വീകരിച്ചു. 1951 ജൂൺ 6–ാം തിയതി ശിവാനന്ദസ്വാമിയിൽ നിന്നും സംന്യാസം സ്വീകരിച്ച് സ്വാമി ജ്ഞാനാനന്ദ സരസ്വതി എന്ന നാമം സ്വീകരിച്ചു. അങ്ങനെ സർവ്വസംഗപരിത്യാഗത്തോടെ തന്റെ ജീവിതം പൂർണ്ണവളർച്ചയേ പ്രാപിച്ചു. വേദമാകുന്ന കല്പതരുവിന്റെ ശാഖയിൽ നിന്നും വീണുകിട്ടിയ കനിപോലെ മത്സരബുദ്ധിയില്ലാത്ത, സമസ്ത ജീവരാശികൾക്കും അനുഭവവേദ്യമായ ജീവിതമാണ് തുടർന്ന് അദ്ദേഹം നയിച്ചിട്ടുള്ളത്.

ലോകത്തിൽ ആരെങ്കിലും ക്ലേശം അനുഭവിയ്ക്കുന്നുണ്ടെങ്കിൽ അതു തന്റെ ക്ലേശമാണ് എന്നു മനസ്സിലാക്കി അവന്റെ ക്ലേശനിവാരണത്തിന് പരിശ്രമിയ്ക്കണം. അതിൽ നിന്ന് ആ ജീവനുണ്ടാകുന്ന സന്തോഷം തന്റെ സന്തോഷമായി കാണണം. അങ്ങനെ സർവ്വജീവരാശികളുടേയും അന്തര്യാമിയായി വർത്തിക്കുന്ന ഈശ്വരനെ അനുഭവിയ്ക്കണം. ഇതായിരുന്നു സ്വാമി ശിവാനന്ദയുടെ ജീവിത രഹസ്യം. സകല ദേഹികളുടേയും അന്തരാത്മദൃക്കായ ഭഗവാനെ അനുഭവിയ്ക്കണമെങ്കിൽ സമഭാവന, ജീവ

കാരുണ്യം, സഹാനുഭൂതി മുതലായ ഗുണങ്ങൾ ഉണ്ടായേ മതിയാവൂ. എങ്കിലേ വൈചിത്ര്യമാർന്ന ലോകത്ത് ദിവ്യ ജീവനം നയിയ്ക്കാനാകൂ എന്നു മനസ്സിലാക്കിയ സ്വാമിജി സമസ്ത ജീവരാശികളുടേയും ഉൽക്കർഷത്തേ ലാക്കാക്കി "ദിവ്യജീവനസംഘം" എന്ന ഒരു പ്രസ്ഥാനം തന്നെ തുടങ്ങി യിരുന്നു. സ്വാമി ജ്ഞാനാനന്ദസരസ്വതിയും ആ മഹാ പ്രസ്ഥാനത്തിലെ ഒരു കണ്ണിയായി തീരുകയാണുണ്ടായത് .

ശിവാനന്ദസ്വാമിജിയുടെ സാന്നിദ്ധ്യത്തിൽ ആശ്രമ ത്തിൽ നിത്യവും വൈകീട്ട് സത്സംഗം, ഭജന മുതലായവ നടക്കും. ധാരാളം ഭക്തന്മാർ പരിപാടികളിൽ പങ്കെടുക്കും. അവരിൽനിന്നും സമർത്ഥരായവരെ തിരഞ്ഞുവിളിച്ച് പ്രഭാഷണങ്ങളും ഭജനയും മറ്റും ചെയ്യിക്കുക സ്വാമിജി യുടെ പതിവായിരുന്നു. ഒരു ദിവസം സ്വാമിജിയെ വിളിച്ച് (അന്ന് സംന്യസിച്ചിട്ടില്ല) ഒരു പ്രഭാഷണം നടത്തുവാൻ ആവശ്യപ്പെട്ടു. ഭാഗവതത്തിലെ രാസക്രീഡ എന്ന വിഷയത്തെ ആസ്പദമാക്കി രണ്ടുമണിക്കൂർ സംസാരിച്ചു. ഭാഷ ഏതെന്നറിയാത്തവർക്കുകൂടി രസിയ്ക്കുന്ന തരത്തി ലായിരുന്നു സ്വാമിജിയുടെ പ്രഭാഷണം. സന്തുഷ്ടനായ സ്വാമിജി തന്റെ ശിഷ്യന് ഭാഗവതപ്രവീണൻ എന്ന ബഹുമതിയും നൽകി അനുഗ്രഹിച്ചു.

1952–ൽ സ്വാമിജി കേരളത്തിലേയ്ക്കു മടങ്ങി. ദിവ്യ ജീവനത്തിന്റെ രസം ആമൂലാഗ്രം ഉൾകൊണ്ടുകൊണ്ടാണ് അദ്ദേഹം കേരളക്കരയിലേയ്ക്കു പ്രവേശിച്ചത്. ഒറ്റപ്പാലത്ത് ദിവ്യജീവനസംഘത്തിന്റെ ശാഖയുമായി ബന്ധപ്പെട്ടാണ് പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് ഇരുന്നിലംകോട്

ജ്ഞാനാനന്ദാശ്രമം എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങി. അവിടെ അഗതികളായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനു വേണ്ട കാര്യങ്ങൾ, നിർധനരായവർക്ക് വൈദ്യസഹായം, ഈശ്വരപ്രാപ്തിയ്ക്ക് സാധാരണക്കാർ അറിയേണ്ട കാര്യങ്ങൾ എഴുതി പ്രസിദ്ധീകരിയ്ക്കൽ തുടങ്ങിയവയെല്ലാം സ്വാമിജി ചെയ്തിരുന്നു. പരമപുരുഷാർത്ഥം മാസികയിലെ ലേഖനങ്ങൾ എഴുതലും, പ്രൂഫു നോട്ടവും, ജനങ്ങളിൽ എത്തിയ്ക്കലും എല്ലാം സ്വാമിജി തന്നെയാണ് ആദ്യകാലങ്ങളിൽ ചെയ്തിട്ടുള്ളത്. 1962–ൽ കൊണ്ടയൂർ ജ്ഞാനാനന്ദാശ്രമം പ്രവർത്തനമാരംഭിച്ചു. അവിടെവെച്ചാണ് നിരവധി ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെ രചന നിർവ്വഹിച്ചിട്ടുള്ളത്. ഏതാണ്ട് അറുപതോളം ഗ്രന്ഥങ്ങൾ സ്വാമിജിയുടേതായിട്ടുണ്ട്. രാമായണതത്ത്വം, ഭാഗവതരഹസ്യം, വേദാന്തവിജ്ഞാനം, നന്മയുടെ ഓളങ്ങൾ, മഹാഭാരതസാരസർവ്വസ്വം മുതലായവ ജനപ്രീതി നേടിയ ഗ്രന്ഥങ്ങളാണ്.

അതുപോലെ ആശ്രമത്തിൽ വരുന്ന ആരും ഒരു കാര്യത്തിലും നിരാശരായി മടങ്ങാനിടയാകരുതെന്നു സ്വാമിജിയ്ക്ക് നിർബന്ധമുണ്ടായിരുന്നു. വരുന്നതുമുഴുവൻ ചെലവഴിക്കുക. നാളത്തേക്കുണ്ടോയെന്നു നോക്കാറില്ല. നാളത്തേക്ക് നാളെ ഭഗവാൻ കൊണ്ടെത്തരും എന്നതായിരുന്നു സ്വാമിജിയുടെ നിലപാട്. രാവിലെ നാലുമണിമുതൽ രാത്രി ഒമ്പതു മണിവരെയാണ് നിഷ്ഠയോടെയുള്ള ആശ്രമപ്രവർത്തനങ്ങൾ. കേരളത്തിനുകിട്ടിയ കടാക്ഷം എന്നേ സ്വാമിജിയുടെ ജീവിതത്തേക്കുറിച്ച് പറയാനുള്ളു.

"ഏകഏവചരേദ്ഭിക്ഷുഃ ആത്മാരാമോƒനപാശ്രയഃ

സർവ്വഭൂതസുഹൃച്ഛാന്തോ നാരായണ പരായണഃ"

( ഭാ.7.13.3)

ഭിക്ഷാന്നംകൊണ്ട് ശരീരരക്ഷ ചെയ്ത്, ആത്മാനന്ദത്തിൽ രമിക്കുന്നവനും, അന്യാശ്രയമില്ലാതെ സർവ്വാത്മനാ ഭഗവാനെ ശരണംപ്രാപിച്ചവനും, സർവ്വഭൂതങ്ങളുടെ ഹിതം സങ്കൽപ്പിക്കുന്നവനും, രാഗാദിവൃത്തികൾ വെടിഞ്ഞവനുമായി സഞ്ചരിയ്ക്കുന്നു യഥാർത്ഥ സംന്യാസി എന്നു ഭാഗവതം പറയുന്നു. ഇതേരീതിയിൽ സ്വാമിജി സഞ്ചരിയ്ക്കുകയും ധർമ്മപ്രചരണം നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്കാരസമ്പന്നരും, പാമരന്മാരുമായ മലയാളജനതയ്ക്കു കിട്ടിയ ഭാഗ്യമെന്നേ നമുക്കിതിനെ കാണാൻ കഴിയൂ. സ്വാമിജിയുടെ സംസർഗ്ഗം ലഭിച്ചവരെല്ലാം ആ ധന്യനിമിഷം ആജീവനാന്തം ഓർമ്മവയ്ക്കുന്നതായി നമുക്കു കാണാം. ദർശന, സ്പർശന, വചസ്സുകളെകൊണ്ട് ഒരുകാലത്ത് കേരളീയരെ ആത്മനിർവൃതിയിൽ ആറാടിച്ച മഹാപ്രതിഭയായി പ്രശോഭിച്ചിരുന്നു സ്വാമിജി.

കന്യാകുമാരീദേവിയുടെ പാദഭക്തനായി ദേവിയുടെ കടാക്ഷവീക്ഷണത്തോടെ 1972-ൽ തുടങ്ങിയ "ആനന്ദകുടീരം' ആശ്രമത്തിൽ വളരെക്കാലം സ്വാമിജി താമസിച്ചിരുന്നു. അക്കാലത്ത് രണ്ടുനേരവും സത്സംഗം ഉണ്ടാവും. ധാരാളം ഭക്തജനങ്ങൾ അവിടെയെത്തി ദേവീദർശനവും സ്വാമിജിയുടെ സത്സംഗവും ശ്രവിച്ച് ധന്യരായി തീർന്നിട്ടുണ്ട്. ഭുക്തിമുക്തിപ്രദായിനിയായ ദേവിയാൽ നിയോഗിയ്ക്കപ്പെട്ടവൻ എന്നു തോന്നുമാറ് സ്വാമിജിയുടെ അടുത്തെ

ത്തുന്ന ഭക്തന്മാർക്ക് ഭുക്തിയ്ക്കുവേണ്ട വിഭവങ്ങളും, മോക്ഷമാർഗ്ഗവും ഒരുപോലെ പ്രദാനം ചെയ്തിരുന്നു.

1962–ൽ ഒലവക്കോട്, ശ്രീമാൻ ദിവാകരകൈമളുടേയും റ്റി. ആർ. നായരുടേയും നേതൃത്വത്തിൽ ദിവ്യജീവനസംഘത്തിന്റെ ഒരു ശാഖ പ്രവർത്തനമാരംഭിച്ചു. അവിടെ ഒരു ഗണപതിക്ഷേത്രവും നിത്യേന ഭജനകീർത്തനങ്ങളും നടന്നിരുന്നു. ശിവാനന്ദ ഗ്രന്ഥാലയം എന്ന പേരിൽ ഒരു ലൈബ്രറിയും പിൽക്കാലത്ത് പ്രവർത്തനമാരംഭിച്ചിരുന്നു. കുറച്ചുകാലങ്ങൾക്കുശേഷം സ്വാമിജിയെ അവിടെ കൂട്ടികൊണ്ടുവന്ന് പ്രഭാഷണങ്ങളും ഭാഗവതസപ്താഹ യജ്ഞങ്ങളും മറ്റും നടത്തിവന്നു.

1976 മുതൽ സ്വാമിജി ദിവ്യജീവനസംഘത്തിന്റെ പ്രവർത്തനങ്ങളിൽ സജ്ജീവമായി. 1980 സെപ്തംബർ 8–ാം തിയ്യതി പ്രവർത്തനങ്ങളുടെ ചുമതല പൂർണ്ണമായും സ്വാമിജിയുടെ മേൽനോട്ടത്തിലായി. ജലാശയത്തിൽനിന്ന് ഒരു കൈയ്ക്കുമ്പിൾ ജലമെടുത്ത് സൂര്യന് അർഘ്യം സമർപ്പിയ്ക്കുന്നതുപോലെ, തന്റെ ഗുരുനാഥനായ ശിവാനന്ദസ്വാമിജിയെപ്പോലെ കർമ്മഭക്തിജ്ഞാനയോഗങ്ങളുടെ സമന്വയമായി തന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ലോകോപകാരപ്രദമാക്കിത്തീർക്കുകയും, തദ്വാര ഗുരുദക്ഷിണാസമർപ്പണമായും ഭവിയ്ക്കണം തന്റെ ജീവിതം എന്ന ഭാവനയോടെ 1980 ഒക്ടോബർ 1–ന് പാലക്കാട് ഗുരുദക്ഷിണാമണ്ഡപത്തിന് സ്വാമിജി തറക്കല്ലിട്ടു. 1981 ഫെബ്രുവരി 14–ന് ആയതിന്റെ ഉത്ഘാടനം അന്നത്തെ കേരളാഗവർണ്ണറായ ജ്യോതിവെങ്കിടാചെലം നിർവ്വഹിക്കു

കയും അതോടൊപ്പം ശിവാനന്ദാശ്രമം എന്ന പേരിൽ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിയ്ക്കുകയും ചെയ്തു.

തന്റെ ഗുരുനാഥനായ ശിവാനന്ദസ്വാമിയുടെ പേരും ജീവകാരുണ്യപ്രവർത്തനങ്ങളും കേരളത്തിലാകമാനം എത്തിയ്ക്കണം എന്ന ലക്ഷ്യത്തോടെ സ്വാമിജി പാലക്കാട് ശിവാനന്ദാശ്രമത്തിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി. ആശ്രമത്തിന്റെ സുഗമവും അനുസ്യൂതവും ശക്തിമത്തുമായ പ്രവർത്തനത്തിനായി തന്റെ ശിഷ്യനായ സ്വാമി നിത്യാനന്ദസരസ്വതിയെ ചുമതലപ്പെടുത്തി. ഗുരുനാഥന്റെ അനുഗ്രഹത്തോടുകൂടി ഭാവഗ്രാഹിയായ അദ്ദേഹം സ്വാമിജിയുടെ അഭിലാഷം നിറവേറ്റുന്നതിനായി അനവരതം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ജീർണ്ണിച്ചുകിടക്കുന്ന ക്ഷേത്രങ്ങൾ സമുദ്ധരിയ്ക്കുക, വൃദ്ധജനങ്ങളെ സംരക്ഷിയ്ക്കുക, സാധുക്കളായ വിദ്യാർത്ഥികളെ പഠനകാര്യത്തിൽ സഹായിക്കുക, ജിജ്ഞാസുക്കൾക്ക് ആത്മവിദ്യ ഉപദേശിച്ചുകൊടുക്കുക തുടങ്ങി ജിജ്ഞാസുക്കളായ ജനതയ്ക്ക് ആത്മചേതനയും, ഈശ്വരചൈതന്യവും, ധർമ്മബോധവും ഉണർത്തുന്ന ആദ്ധ്യാത്മികപുസ്തകങ്ങളുടെ പ്രസിദ്ധീകരണം, യോഗ വേദാന്തമാസികാ പ്രസിദ്ധീകരണം, അന്നദാനം ഇവയെല്ലാം സ്വാമിജി വളരെയധികം ഉത്സാഹത്തോടെ ചെയ്തിരുന്ന കാര്യങ്ങളാണ്. ചുരുക്കിപറഞ്ഞാൽ ഇരുളടഞ്ഞ ഹൃദയ ങ്ങളിൽ അന്തർലീനമായി പ്രവഹിയ്ക്കുന്ന ആത്മചേതന യെ ഉണർത്താനുള്ള പ്രവർത്തനങ്ങൾ സ്വാമിജി എല്ലായ്പ്പോഴും ചെയ്തിരുന്നു. സ്വാമിജിയുമായി ബന്ധ

പ്പെട്ടിട്ടുള്ള ഓരോ ജീവന്മാരിലും സ്വാമിജി ചെലുത്തിയിട്ടുള്ള ആത്മീയസ്വാധീനം ചെറുതൊന്നുമല്ല. ഇന്നും പ്രായമുള്ള സ്വാമിജിയുടെ ശിഷ്യന്മാരുമായി സംസാരിയ്ക്കുമ്പോൾ അവരുടെ ഹൃദയം നിറഞ്ഞ് പുളകിതഗാത്രരായി ആനന്ദാശ്രു പൊഴിക്കുന്ന സന്ദർഭങ്ങൾ കാണാൻ കഴിയും.

"ശരീരസ്ഥോപി കൗന്തേയ ന കരോതി ന ലിപ്യതേ" ഒന്നിലും അലിഞ്ഞുചേരാതെ ഒന്നായിരിക്കുന്ന, ഒന്നു മാത്രമായ ഭാവത്തെയാണ് സജ്ജനങ്ങൾ സമാശ്രയിക്കുന്നത്. ആ ഭാവത്തെ ആശ്രയിക്കുകയും അനുസന്ധാനം ചെയ്യുകയും ചെയ്യുന്നവരാണ് മഹാത്മാക്കൾ. ഉപാധിക്കു സംഭവിക്കുന്ന വൃദ്ധിക്ഷയങ്ങൾ അവരെ ബാധിക്കുകയില്ല. ദേഹത്തിന് ദേഹധർമ്മങ്ങൾ ഉണ്ടല്ലോ. അത് ആർക്കും ഒഴിവാക്കാവുന്നതല്ല. അതുകൊണ്ട് സ്വാമിജിയുടെ ശരീരവും അതിന്റെ പരിണാമദശകളെല്ലാം പിന്നിട്ട് 1997 ജൂൺ 17–ാം തിയ്യതി കാലയവനികക്ക് ഉള്ളിൽ മറഞ്ഞു. സ്വാമിജി ഇന്നും നമ്മെ അനുഗ്രഹിച്ചുകൊണ്ട് നമ്മോടൊപ്പം ഉണ്ട് എന്നകാര്യം വിസ്മരിക്കരുത്. നിരാകാരനെങ്കിലും സാകാരരൂപത്തിൽ ശിവാനന്ദാശ്രമത്തിലെ സമാധിശിവക്ഷേത്രത്തിലൂടെ സ്വാമിജിയുടെ സാന്നിദ്ധ്യം ഇന്നും നമുക്ക് അനുഭവവേദ്യമാവുന്നുണ്ട്.

അമ്പതിൽപ്പരം സംന്യാസിശിഷ്യന്മാർ സ്വാമിജിക്കുണ്ട്. സ്വാമി ചിദാനന്ദസരസ്വതി, സ്വാമി നിത്യാനന്ദസരസ്വതി, സ്വാമി പരമേശ്വരാനന്ദസരസ്വതി, സ്വാമി ശാരദാനന്ദസരസ്വതി, സ്വാമി അച്ചുതാനന്ദസരസ്വതി തുടങ്ങിയവർ ഇവരിലുൾപ്പെടുന്നു. സ്വാമിജിയുടെ സംന്യാസിശിഷ്യന്മാരെ

ല്ലാവരും ആത്മസാക്ഷാത്ക്കാരനിരതന്മാരായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഏതാണ്ട് ഇരുപതോളംപേർ ഇതിനകം ബ്രഹ്മലീനരായിട്ടുണ്ട്.

സ്വാമിജിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളും, ആദ്ധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങളുടെ പ്രചാരണ വും ലക്ഷ്യമിട്ടുകൊണ്ട് ശിവാനന്ദാശ്രമം പ്രവർത്തിച്ചുവരിക യാണ്. ആശ്രമത്തിന്റെ കീഴിൽ ശിവാനന്ദഗുരുകുലം എന്ന പേരിൽ എൽ.കെ.ജി, യു.കെ.ജി. സ്ക്കൂൾ, ജ്ഞാനാനന്ദ ഗുരുകുലം എന്നപേരിൽ പത്തനംതിട്ട ജില്ലയിൽ അഞ്ചാം തരംവരെയുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, ശിവാനന്ദ സാധനാലയം എന്ന പേരിൽ പാലക്കാടു ജില്ലയിൽ തേനാരിയിൽ ആദ്ധ്യാത്മികമായി ജീവിതം നയിക്കാനാ ഗ്രഹിയ്ക്കുന്ന വൃദ്ധജനങ്ങൾക്കായി വൃദ്ധസദനം, ഒറ്റ പ്പാലത്ത് അമ്പലവട്ടം എന്ന സ്ഥലത്ത് ജീർണ്ണിച്ചുകിടന്ന ഒരു വിഷ്ണുക്ഷേത്രത്തിന്റെ പുനഃരുദ്ധാരണപ്രവർത്തന ങ്ങൾ, ശ്രീഹൃദയം എന്ന യോഗവേദാന്തമാസികയുടെ പ്രസിദ്ധീകരണം, സ്വാമിജി കൈരളിക്കുകാഴ്ചവച്ച പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിനും മറ്റ് ആദ്ധ്യാത്മിക പ്രസിദ്ധീകരണങ്ങൾക്കുമായി ശിവാനന്ദ ഓഫ്സെറ്റ് പ്രിന്റിങ് പ്രസ്സ്, ശാരീരികവും, മാനസികവും, ബുദ്ധിപര വുമായ ഉണർവ്വും തദ്വാര ആദ്ധ്യാത്മിക പുരോഗതിയും ലക്ഷ്യമിട്ടു കൊണ്ടുള്ള യോഗപരിശീലനം, സംസ്കൃത ഭാഷാ പരിശീലനം, സംഗീതപഠനം, സംപൂജ്യസ്വാമിജിയുടെ സമാധിശിവക്ഷേത്രം, ധ്യാനമണ്ഡപം, ചില ആശ്രമങ്ങൾ എല്ലാം ഇന്ന് ശിവാനന്ദാശ്രമത്തിന്റെ കീഴിൽ

പ്രവർത്തിയ്ക്കുന്നു. ഗണേശ ഭഗവാന്റെ അനുഗ്രഹവും, സ്വാമിജിയുടെ നിത്യസാന്നിദ്ധ്യവും അനുഗ്രഹവും, ഭക്തന്മാരുടെ സഹകരണവും, നിത്യാനന്ദസ്വാമിജിയുടെ സശ്രദ്ധമായ പ്രവർത്തനവുംകൊണ്ട് ഇവയെല്ലാം മംഗള മായി നടക്കുന്നു.

ഈദൃശമായ പ്രവർത്തനങ്ങൾ ഓരോ ജനങ്ങളിലും, ഓരോ ഗൃഹങ്ങളിലും എത്തിയ്ക്കേണ്ടതുണ്ട്. ഗംഗയുടെ മഹത്വമറിഞ്ഞ് ഗംഗാസ്നാനത്തിനായി പോകുന്നതുപോലെ നമ്മിൽ ഓരോരുത്തരിലും അന്തർലീനമായിരിയ്ക്കുന്ന ആദ്ധ്യാത്മിക സ്രോതസ്സിൽ നമുക്ക് സ്നാനം ചെയ്യാൻ കഴിയണം. അത് അനുഭവവേദ്യമാക്കണം. കർമ്മവാസന കൾ അതിനനുവദിച്ചില്ലെങ്കിൽ ആ സ്രോതസ്സിന്റെ തീരവാസിയായിരിയ്ക്കാനെങ്കിലും കഴിയാത്ത ജന്മം നമുക്കെന്തിനാണ്? സ്വാമിജിയുടെ പ്രേമവും, സഹാനുഭൂതി യും, കർമ്മകുശലതയും, ലളിതമായ ജീവിതശൈലിയും, ഉയർന്ന ചിന്താപദ്ധതിയും, ഗുരുശുശ്രൂഷയും എല്ലാം ഉൾ കൊണ്ടുകൊണ്ട് നമുക്ക് പ്രവർത്തിക്കാം. മാനസ്സികമായ ഐക്യം, ബുദ്ധിപരമായ ഏകതാനത, ധാർമ്മികമായ ധനവിനിയോഗം, കർമ്മകുശലത ഇത്രയുമായാൽ ജീവനൊ ന്നാകും. ആത്മജ്ഞാനികളും സ്വാമിജിയുടെ നിത്യ സാന്നിദ്ധ്യം അനുഭവിയ്ക്കുന്നവരുമായിത്തീരും. അങ്ങനെ ആത്മസാധനയെ നമുക്ക് കൈവരിക്കാനാകും. അതിന് ഗുരുനാഥന്റെ അനുഗ്രഹം നമുക്കേവർക്കും ഉണ്ടാകട്ടെ.

# ജീവിതക്കുറിപ്പ്

പേര്: സ്വാമി ജ്ഞാനാനന്ദസരസ്വതി (6.6.1951). ഗോവിന്ദവാര്യർ ( പൂർവ്വാശ്രമത്തിലെ നാമം)

ജനനം: 1910 ജനുവരി 16–ാംനു വസന്തപഞ്ചമി 1085 മകരം 3–ാംനു ഉത്രട്ടാതിനക്ഷത്രം.

മാതാപിതാക്കൾ: അമ്മ: പടിഞ്ഞാറെ പുതിയവാര്യത്തെ കുഞ്ഞിക്കുട്ടി വാരസ്യാർ, അച്ഛൻ: വെള്ളിനേഴി പുളിക്കൽ വാര്യത്തെ കൃഷ്ണവാര്യർ.

വിദ്യാഭ്യാസം: പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഗുരുകുല സമ്പ്രദായത്തിൽ സംസ്കൃത വിദ്യാഭ്യാസം ചില ഗുരുക്കന്മാരിലൂടെ നേടിയിട്ടുണ്ട്. ജോലി: 1. നോർമൻ പ്രിന്റിംഗ് പ്രസ്സിൽ 2. പൊൻപാറ എലിമെന്ററി സ്കൂളിൽ അദ്ധ്യാപകൻ 3. നീലേശ്വരത്ത് അരവത്ത് എന്ന സ്ഥലത്ത് സംസ്കൃതാദ്ധ്യാപകൻ. (ഈ കാലത്ത് വൈരാഗ്യം എന്നൊരു പുസ്തകം രചിച്ചു. വിവേകചൂഡാമണിക്ക് ഒരു ലളിത വ്യാഖ്യാനവും എഴുതി.)

ഇഷ്ടദേവൻ: ശ്രീകൃഷ്ണൻ

ദീക്ഷാമന്ത്രം: അഷ്ടാക്ഷരീമന്ത്രം.

ഇഷ്ടഗ്രന്ഥം: ഭാഗവതം. 18–ാം വയസ്സു മുതൽ ഭാഗവതപാരായണം നിഷ്ഠയോടെ ആരംഭിച്ചു. 21–ാം വയസ്സിൽ ആദ്യ കവിതാ രചന നടത്തി. 22–ാം വയസ്സിൽ ഭാഗവതം സപ്താഹമായി പാരായണം നടത്തി.

തീർത്ഥാടനം: 1936–ൽ ഇന്ത്യയിലെ പ്രധാന തീർത്ഥങ്ങളെല്ലാം സന്ദർശിച്ചു.

ഗൃഹസ്ഥാശ്രമം: 1943 മുതൽ 1951 വരെ. ഭാര്യ വിദ്യാദേവിയിൽ രണ്ടുപുത്രിമാരുണ്ട്.

സംന്യാസം: 1951 ജൂൺ 6 ന് ഋഷികേശം സ്വാമി ശിവാനന്ദസരസ്വതിയിൽ നിന്ന് സംന്യാസ ദീക്ഷ സ്വീകരിച്ചു. ശിവാനന്ദസ്വാമികൾ സ്വാമിജിക്ക് ഭാഗവത പ്രവീണൻ ബഹുമതിയും നല്കി. അങ്ങനെ ഗോവിന്ദ വാര്യർ സ്വാമി ജ്ഞാനാനന്ദസരസ്വതി ആയി മാറി.

ആശ്രമപ്രവർത്തനങ്ങൾ: 1 ജ്ഞാനാനന്ദാശ്രമം ഇരുനിലം കോട്, (തൃശ്ശൂർ ജില്ല) 1952–ൽ സ്ഥാപിച്ചു. 2. പരമ പുരുഷാർത്ഥം മാസിക പ്രസിദ്ധീകരണമാരംഭിച്ചു. 3. ജ്ഞാനാനന്ദ വൈദ്യശാലയും, ജ്ഞാനാനന്ദ ഗുരുകുലവും അവിടെ നടത്തിയിരുന്നു. 4. കൊണ്ടയൂർ ജ്ഞാനാനന്ദാ ശ്രമം 1962–ൽ സ്ഥാപിച്ചു. 5. 1972–ൽ ആനന്ദ കുടീരം കന്യാകുമാരിയിൽ സ്ഥാപിച്ചു.

6. ശ്രീകൃഷ്ണമന്ദിരം കന്യാകുമാരി, 1976–ൽ സ്ഥാപിച്ചു. 7. ജ്ഞാനാനന്ദാശ്രമം ചടയമംഗലം, 1978–ൽ സ്ഥാപിച്ചു. 8. ശിവാനന്ദാശ്രമം പാലക്കാട് 1980–ൽ സ്ഥാപിച്ചു.

**മറ്റുസേവന പ്രവൃത്തികൾ**

1. ഗ്രന്ഥരചന: അറുപതോളം ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അനവധി ഭാഗവത സപ്താഹങ്ങളും, ഗീതാ

രാമായണാദി ജ്ഞാന യജ്ഞങ്ങളും നടത്തിയിട്ടുണ്ട്. 2. ശിവാനന്ദശതാബ്ദി സ്മാരകമായി അമ്മമാർക്കുവേണ്ടി മാതൃദേവി മന്ദിരമെന്നപേരിൽ ഒരു സാധനാലയം ശിവാനന്ദാശ്രമത്തിനടുത്ത് സ്ഥാപിച്ച് 1987 മുതൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. 3. 1972 മുതൽ കന്യാകുമാരീ ദേവീക്ഷേത്രത്തിലെ നവരാത്രി ഉത്സവത്തിന്റെ ഒന്നാം ഉത്സവം സ്വാമിജി തന്നെ ഏറ്റെടുത്ത് പൂർവ്വാധികം മെച്ചമായി നടത്തിവരുന്നു. 4. 1984–ൽ ശിവാനന്ദ പ്രിന്റിംഗ്പ്രസ്സ് സ്ഥാപിച്ച് ശ്രീഹൃദയം യോഗവേദാന്ത മാസിക പ്രസിദ്ധീകരിച്ചുവരുന്നു. 5. കന്യാകുമാരി ആനന്ദ കുടീരത്തിനടുത്തുള്ള അതിപുരാതനമായ കാശി വിശ്വനാഥ ക്ഷേത്രത്തെ ഉദ്ധരിച്ച് സ്വന്തം മേൽനോട്ടത്തിൽ അവിടുത്തെ പൂജാദി കർമ്മങ്ങൾ 1996 വരെ നടത്തിവന്നു. 6. തന്റെ ആദ്ധ്യാത്മിക ഗ്രന്ഥങ്ങളെല്ലാം ആകർഷകമായ രീതിയിൽ പുനഃപ്രസിദ്ധീകരിച്ചു. 1990–ൽ തുടങ്ങിയ ഈ പുനഃപ്രസിദ്ധീകരണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

**പ്രത്യേകതകൾ**

ക്ഷേത്രകലകളിലെല്ലാം നല്ല വാസനയുണ്ട്. പാഠകത്തിലും ചാക്യാർകൂത്തിലും പ്രത്യേകിച്ചും. ആരെയും എതിർക്കാറില്ല. എന്നാൽ നർമ്മരസം തുളുമ്പുന്നതും ചിന്തോദ്ദീപകവുമായ മറുപടിയും വിമർശനവും സാധാരണമാണ്. അന്നദാനത്തിൽ അന്യാദൃശ്യമായ താല്പര്യമുണ്ട്. പാചകകലയിലും നല്ല പ്രാവീണ്യമുണ്ട്. ഏതു കാര്യവും വേഗത്തിലും വെടിപ്പിലും നടത്തണമെന്ന് നിർബന്ധമുണ്ട്. ഏതു പണിയെടുക്കാനും സാമർത്ഥ്യവും ഉത്സാഹവുമുണ്ട്. എഴുതു

ന്നതുകണ്ടാൽ ചിന്തയേക്കാൾ വേഗത്തിൽ എഴുതാൻ കഴിവുണ്ടോ എന്നുതോന്നിപ്പോകും.

**ജനപ്രീതി നേടിയ ഗ്രന്ഥങ്ങൾ**

(1). മഹാഭാരത സാര സർവസ്വം (രണ്ടു ഭാഗങ്ങൾ), (2). രാമായണ തത്വം, (3). യോഗ രാമായണം, (4). രാമഗീത, (5). സനൽ സുജാതീയം, (6). ശ്രീമത് ഭഗവദ്ഗീത, (7). ഭഗവദ്ഗീതാ സംഗ്രഹം, (8). ഉത്തരഗീത, (9). സമ്പൂർണ്ണ ഭാഗവത രഹസ്യം, (10). ഭാഗവത മാഹാത്മ്യം, (11). ഉദ്ധവോപദേശം, (12). ഗോപികാഗീതം, (13). വിഷ്ണു പുരാണസംഗ്രഹം, (14). ബ്രഹ്മസൂത്രം, (15). പാതഞ്ജല യോഗസൂത്രം, (16). സാംഖ്യദർശനം, (17). നാരദഭക്തി സൂത്രം, (18). യോഗസമന്വയം, (19). ഈശാവാസ്യോപ നിഷത്ത്, (20). കേനോപനിഷത്, (21). കഠോപനിഷത്, (22). പ്രശ്നോപനിഷത്ത്, (23). മുണ്ഡകോപനിഷത്ത് (24). മാണ്ഡൂക്യ ഉപനിഷത്തും ഗൌഡപാദകാരികയും, (25). ഐതരേയോപനിഷത്ത്, (26). കൈവല്യോപനിഷത്ത്, (27). ശ്വേതാശ്വതരോപനിഷത്ത്, (28). നാരായണാഥർവ്വശിരോപ നിഷത്ത്, (29). ബ്രഹ്മബിന്ദു ഉപനിഷത്ത്, (30). വേദാന്ത വിജ്ഞാനം, (31). പഞ്ചദശി, (32). ലഘുയോഗവാസിഷ്ഠ സംഗ്രഹം, (33). അഷ്ടാവക്രഗീത, (34). ആത്മാനാത്മ വിവേകം, (35). വിജ്ഞാന നൌക, (36). അദ്വൈതാനു ഭൂതി, (37). ദൃക്ദൃശ്യവിവേകം, (38). സ്വാത്മനിരൂപണം, (39). സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം, (40). അപരോക്ഷാനുഭൂതി, (41). വിവേകചൂഡാമണി, (42). ശ്രീമത് അയ്യപ്പഗീത, (43). ദക്ഷിണാമൂർത്തി സ്തോത്രം,

(44). ഹരിമീഡേ സ്തോത്രം, (45). ശങ്കരസ്തോത്ര രത്നാകരം, (46).ജപയോഗം, (47). ബ്രഹ്മജ്ഞാനാവലി, (48). ആശ്രമ ഭജനാവലി, (49). ഹരിനാമകീർത്തനം, (50). വൈരാഗ്യം, (51). ശ്രീകൃഷ്ണ ശരണാഗതി, (52). നമ്മയുടെ ഓളങ്ങൾ, (53). അയ്യപ്പഭഗവാൻ, (54). കേദാരഖണ്ഡം, (55). സദാചാരജീവിതം, (56). സാംബ പഞ്ചാശിക, (57). നാമപ്പതി

**സ്വാമിജിയുടെപേരിൽ ഭക്തന്മാർ നടത്തിയിട്ടുള്ള പ്രധാന ആഘോഷങ്ങൾ**

1970–ൽ ഷഷ്ട്യബ്ദിപൂർത്തി കൊണ്ടയൂർ ജ്ഞാനാനന്ദാ ശ്രമത്തിൽ ആഘോഷിക്കപ്പെട്ടു. 1980–ൽ സപ്തതി പാലക്കാട് ശിവാനന്ദാശ്രമത്തിൽ ആഘോഷിച്ചു. 1982 മുതൽ ശിവാനന്ദാശ്രമത്തിൽ ഭാഗവതസപ്താഹവും സ്മരണിക പ്രകാശനവും ജന്മവാർഷികം പ്രമാണിച്ച് മുടങ്ങാതെ നടത്തിവരുന്നു.

1990–ൽ കന്യാകുമാരി ആനന്ദകുടീരത്തിൽവച്ച് 80–ാം പിറന്നാൾ അഭൂതപൂർവ്വമായ രീതിയിൽ സപ്താഹത്തോടും സ്മരണിക പ്രസിദ്ധീകരണത്തോടും ആഘോഷിക്ക പ്പെട്ടു. 1994–ൽ കന്യാകുമാരി വിവേകാനന്ദപുരത്തുവച്ച് ശതാഭി ഷേകം വളരെ വിപുലമായ രീതിയിൽ ആഘോഷിക്കപ്പെട്ടു. സംന്യാസത്തിനുശേഷം മകരമാസ ത്തിൽ സ്വാമിജിയുടെ ജന്മദിനത്തിൽ അവസാനിക്കത്തക്ക വിധത്തിൽ മുടങ്ങാതെ സപ്താഹം ഭക്തന്മാർ പലയിടത്തായി നടത്തിയിട്ടുണ്ട്.

## ചില നിർദ്ദേശങ്ങൾ

സ്വാമിജി സ്ഥാപിച്ചിട്ടുള്ള സംന്യാസാശ്രമങ്ങളും, പ്രസിദ്ധീകരണങ്ങളും എല്ലാം ഭക്തജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഭംഗിയായി ചിട്ടയോടും, ഐകൃമതൃത്തോടും കൂടി അനുയായികൾ നടത്തണം. ആർക്കും ദുഃഖമുണ്ടാവാത്ത രീതിയിൽ സമരസപ്പെട്ടുവേണം പ്രവർത്തിക്കാൻ. ശരീരത്തിന് അസുഖം വല്ലതും ഉണ്ടായാൽ ആശുപത്രിയിൽകൊണ്ടുപോയി സ്വാമിജിയെ ചികിത്സിക്കരുത്. ഗുരുക്കന്മാർ ശരീരം ഉപേക്ഷിക്കാൻ പോകുന്നുവെന്നുകണ്ടാൽ ശിഷ്യന്മാർ നിലവിളിക്കരുത്, അവരെ തൊട്ടുകൊണ്ട് ഈശ്വരനാമമോ ദീക്ഷാമന്ത്രമോ ജപിക്കണം. അല്ലെങ്കിൽ രാമായണമോ ഭാഗവതാദി പുരാണങ്ങളോ ഉപനിഷത്തുകളോ എന്തെങ്കിലും അടുത്തിരുന്ന് ശ്രദ്ധയോടെ പാരായണം ചെയ്യണം. ലൌകികരെ കണ്ടുകൊണ്ട് സംന്യാസി ശരീരം ഉപേക്ഷിക്കാൻ ഇടയാകരുത്. 1976–ൽ ജാതകവശാൽ ശരീരം ഉപേക്ഷിക്കേണ്ട ഒരു കാലഘട്ടമായിരുന്നതിനാൽ ഒരു രണ്ടുമാസക്കാലം ബേബി (വിജയകുമാർ)യെ ഒഴിച്ച് ആരെയും ആനന്ദകുടീരത്തിൽ ചെല്ലാൻ അനുവദിച്ചിരുന്നില്ല. ഏകാന്തജീവിതം നയിക്കുകയായിരുന്നു. മഹാസമാധിക്കുശേഷം സംന്യാസിമാരുടെ ശരീരത്തെ ശവമായികാണരുത്. വിഷ്ണുവിഗ്രഹംപോലെ കണക്കാക്കണം. മഹാസമാധി സംസ്ക്കാരത്തെക്കുറിച്ച് സ്വാമിജിതന്നെ ഒരു ലേഖനത്തിലൂടെ ശ്രീഹൃദയത്തിൽ തന്റെ അഭിപ്രായം വെളിപ്പെടുത്തിയിട്ടുണ്ട്.

1995 നവംബർ 5 മുതൽ പാലക്കാട് കുന്നത്തൂർമേട് സ്വാതിയിൽവച്ചാണ് ഭക്തന്മാർ സ്വാമിജിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നത്. സംന്യാസിമാരെ ശാരീരികമായി ശുശ്രൂഷിക്കേണ്ട പ്രധാന ചുമതല ധർമ്മശാസ്ത്രപ്രകാരം ബ്രഹ്മചാരി ശിഷ്യന്മാർക്കും ഗൃഹസ്ഥശിഷ്യന്മാർക്കും തന്നെയാണല്ലോ.

**അന്ത്യാഭിലാഷം**

സ്വാമിജിയുടെ മഹാസമാധിക്കുശേഷമുള്ള എല്ലാ സംസ്ക്കാരാദികാര്യങ്ങളും പാലക്കാട് ശിവാനന്ദാശ്രമത്തിൽ വച്ചുതന്നെ നടത്തണം. 1997 ജൂൺമാസം 17–ാം തിയ്യതി രാവിലെ 4 മണിക്ക് മഹാസമാധിയടഞ്ഞു.

**ഓം തത് സത്**

**സ്വാമി സ്വരൂപാനന്ദസരസ്വതി,**

**ശിവാനന്ദാശ്രമം, പാലക്കാട്.**